(സി) സംസ്ഥാനത്ത് 25 കോടിയോളം രൂപയുടെ കയറും കയറുൽപ്പന്നങ്ങളുമാണ് കെട്ടിക്കിടക്കുന്നത്.

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളിൽ പങ്കാളികളാകുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

40 (2188) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96-ൽ എന്തു തുകയ്ക്കുള്ള എത്ര വീതം കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്ന് കയറ്റി അയച്ചു;

(ബി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും എന്തു തുകയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ ആശാവഹമായ പുരോഗതിയുണ്ടാകാത്തതിന്റെ കാരണമെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1995-96-ൽ 192 കോടി രൂപാ വിലയ്ക്കുള്ള 44,992 ടൺ കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചു.

(ബി) 1996-97ൽ 219 കോടി രൂപയുടേയും 1997-98ൽ 241 കോടി രൂപയുടേയും 1998-99-ൽ 256 കോടി രൂപയുടേയും കയറും കയറുൽപ്പന്നങ്ങളും സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിട്ടുണ്ട്.

(സി) കയറുൽപ്പന്നങ്ങളുടെ ഉപയോഗമേഖലകളിൽ സിന്തറ്റിക്ക് ഉൽപ്പന്നങ്ങളുടേയും, ചണം, പരുത്തി, കൃത്രിമ നാരുകൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടേയും കടന്നുകയറ്റം കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയെ സാരമായി ബാധിക്കുന്നുണ്ട്. കൂടാതെ കയറുൽപ്പന്നമേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവവും ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് കയറും കയറുൽപ്പന്നങ്ങളും വിപണിയിലെത്തുന്നതും കയറുൽപ്പന്നങ്ങളുടെ കയറ്റുമതി ആശാവഹമായതോതിൽ വർദ്ധിപ്പിക്കുന്നതിന് തടസ്സമാകുന്നുണ്ട്.

41 (2189) കയർ സഹകരണസംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly